22
ഞായർ
ജനുവരി 2023
1198 മകരം 08
Vol0 5 Issue No.113

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com




## പെൺകുട്ടികൾ 'നോ' പറഞ്ഞാൽ 'നോ' തന്നെ: ഹൈക്കോടതി

**കൊച്ചി:** പെൺകുട്ടികളെ അവരുടെ അനുമതിയില്ലാതെ തൊടാൻ പാടില്ലെന്ന് ആൺകുട്ടികൾ പഠിച്ചിരിക്കണമെന്നും 'നോ' എന്നു പറഞ്ഞാൽ അതിനർത്ഥം 'നോ' എന്നു തന്നെയാണെന്ന് അവർ മനസിലാക്കണമെന്നും ഹൈക്കോടതി. സ്ത്രീകളോട് ആദരവ് പ്രകടിപ്പിക്കുന്നത് പഴഞ്ചൻ രീതിയല്ലെന്ന് ആൺകുട്ടികൾ തിരിച്ചറിയണം. പെൺകുട്ടികളോട് മോശമായി പെരുമാറിയെന്നാരോപിച്ച് പ്രിൻസിപ്പൽ നടപടിയെടുത്തതിനെതിരെ കൊല്ലത്തെ ഒരു എൻജിനിയറിംഗ് കോളേജ് വിദ്യാർത്ഥി നൽകിയ ഹർജി തീർപ്പാക്കിയാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഇക്കാര്യം വ്യക്തമാക്കിയത്.

കോളേജിലെ ആഭ്യന്തര പരാതി പരിഹാര സമിതി അന്വേഷണം നടത്തി ഹർജിക്കാരൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് പ്രിൻസിപ്പൽ അച്ചടക്ക നടപടി സ്വീകരിച്ചത്. തന്റെ വാദം കേട്ടില്ലെന്നാരോപിച്ച് വിദ്യാർത്ഥി ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. പ്രിൻസിപ്പൽ ചെയർമാനായി രണ്ടാഴ്ചയ്ക്കകം അപ്പീൽ സമിതി രൂപീകരിക്കാനും തുടർന്ന് ഒരുമാസത്തിനുള്ളിൽ പരാതിക്കാരന്റെ കൂടി ഭാഗം കേട്ട് വിഷയത്തിൽ തീരുമാനമെടുക്കാനും ഹൈക്കോടതി നിർദ്ദേശിച്ചു.

എതിർ ലിംഗക്കാരോട് ആദരവോടെ പെരുമാറാൻ കുട്ടികളെ കുടുംബങ്ങളിലും പ്രാഥമിക സ്കൂൾ തലത്തിലും പഠിപ്പിക്കണം. ഉത്തമ പുരുഷൻ സ്ത്രീയെ ഉപദ്രവിക്കില്ലെന്നും ദുർബലരാണ് ഉപദ്രവിച്ച് ആധിപത്യം നേടുന്നതെന്നും അവരെ പഠിപ്പിക്കണമെന്നും കോടതി പറഞ്ഞു. മദ്ധ്യകാലഘട്ടത്തിലെ ഇസ്ലാമിക പണ്ഡിതൻ ഇബ്നുൽ ഖയിം അൽ ജൗസിയ പറയുന്നു : 'സമൂഹത്തിന്റെ ഒരു പാതിക്ക് ജന്മം നൽകുന്ന മറുപാതിയാണ് സ്ത്രീകൾ. അങ്ങനെ ഈ സമൂഹം തന്നെ അവരാകുന്നു'.

**പാഠ്യപദ്ധതിയുടെ ഭാഗമാകണം**

സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്കു നേരെയുള്ള ലൈംഗികാതിക്രമങ്ങൾ കൂടി വരികയാണെന്ന് ഹൈക്കോടതി വിലയിരുത്തി. നല്ല സ്വഭാവത്തിന്റെയും മികച്ച പെരുമാറ്റത്തിന്റെയും പാഠങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാകണം. പ്രൈമറി ക്ലാസുകൾ മുതൽ ഈ മൂല്യങ്ങൾ വളർത്തിയെടുക്കണം. ഇതിനായി വിധിന്യായത്തിന്റെ പകർപ്പ് ചീഫ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവർക്കും സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ ബോർഡുകൾക്കും നൽകാൻ ഹൈക്കോടതി നിർദ്ദേശിച്ചു. യു.ജി.സിക്കും ഇതിൽ നിർണായക പങ്കുണ്ട്. ഈ നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികൾ അറിയാനായി ഹർജി ഫെബ്രുവരി മൂന്നിനു വീണ്ടും പരിഗണിക്കാൻ മാറ്റി.



## പോപ്പുലർ ഫ്രണ്ട് ഹർത്താൽ: 236 സ്വത്ത് ജപ്തി ചെയ്തു, ഏറ്റവും കൂടുതൽ ജപ്തി മലപ്പുറത്ത്

**തിരുവനന്തപുരം:** പോപ്പുലർ ഫ്രണ്ടിന്റെ മിന്നൽ ഹർത്താലിലെ 5.20 കോടി രൂപയുടെ നഷ്ടം ഈടാക്കാൻ സംസ്ഥാന വ്യാപകമായി നേതാക്കളുടെയും പ്രവർത്തകരുടെയും 236 സ്വത്തുക്കൾ ജപ്തി ചെയ്തു. രണ്ടു ദിവസമായി നടന്ന നടപടികൾ ഇന്നലെ വൈകിട്ട് അഞ്ചു മണിയോടെ പൂർത്തിയായി. ജപ്തി ചെയ്ത ഭൂമിയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

മലപ്പുറത്താണ് ഏറ്റവും കൂടുതൽ ജപ്തി – 126. തിരൂർ താലൂക്കിൽ മാത്രം 43 പേരുടെ സ്വത്ത് ജപ്തി ചെയ്തത്. കോഴിക്കോട്ട് 23ഉം,പാലക്കാട്ട് 16ഉം,തൃശൂരിൽ 15ഉം വയനാട്ടിൽ 14ഉം പേരുടെ സ്വത്തുക്കളാണ് ജപ്തി ചെയ്തത്. നടപടികൾ പൂർത്തിയായതിന്റെ റിപ്പോർട്ടുകൾ ആഭ്യന്തര വകുപ്പിന് ഉടൻ കൈമാറും. 23 ന് ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകണം. സ്വത്തുക്കളുടെ ലേലം കോടതി ഉത്തരവ് അനുസരിച്ചാകും. അതേസമയം മലപ്പുറത്ത് എടരിക്കോട് പഞ്ചായത്തിലെ ലീഗ് മെമ്പർ സി.ടി.അഷ്റഫിനും അങ്ങാടിപ്പുറത്ത് പി.എഫ്.ഐ ബന്ധമില്ലാത്ത രണ്ട് പേർക്കും ജപ്തി നേരിടേണ്ടി വന്നു.പേരിലെ സാമ്യം കൊണ്ട് പിഴവ് പറ്റിയെന്നാണ് വിവരം.

**മറ്റു ജില്ലകളിൽ**

ആലപ്പുഴ

അഞ്ച് നേതാക്കളുടെ 32.970 സെന്റ് . മുൻ ജില്ലാ സെക്രട്ടറി ഷിറാസിന്റെ രണ്ടും പള്ളിപ്പറമ്പിൽ റിയാസിന്റെ 4.47ഉം വണ്ടാനം നവാസിന്റെ 4.98ഉം മണ്ണഞ്ചേരി നിഷാദിന്റെ 11.88ഉം ചെങ്ങന്നൂർ നൗഫലിന്റെ 9.23ഉം സെന്റാണ് ജപ്തി ചെയ്തത്.

കാസർകോട്

ചീമേനി സിറാജുദ്ദീന്റെ 1.93 ഏക്കറും പോപ്പുലർ ഫ്രണ്ട് കാസർകോട് ജില്ലാ പ്രസിഡന്റ് സി.ടി സുലൈമാന്റെ ആറ് ഏക്കറും

**കണ്ണൂർ**

എട്ടു പേർക്കാണ് നടപടി. ഏച്ചൂരിലെ കെ.വി.നൗഷാദിന്റെ 25 സെന്റ്, മാവിലായി നൗഷാദിന്റെ 12 സെന്റും വീടും, കടമ്പൂർ കെ.വി.നൗഷാദിന്റെ രണ്ടര സെന്റും മൂന്ന് മുറി കടയും, തളിപ്പറമ്പ് റാസിഖിന്റെ പത്തു സെന്റ്, തലശേരി ഹാറൂണിന്റെ 33 സെന്റ്, മൊകേരി സമീറിന്റെ 9.83 സെന്റ്, കരിയാട് താഹിറിന്റെ 92.34 സെൻ്, പെരിങ്ങളത്തെ സെമീറിന്റെ കാർ.

**കോഴിക്കോട്**

14പേരുടെ 23 സ്വത്തുക്കൾ ജപ്തി ചെയ്തു. കോഴിക്കോട്, താമരശേരി, കൊയിലാണ്ടി, വടകര താലൂക്കുകളിലാണ് നടപടി. ഫറോക്ക് അബ്ദുൾ ബഷീർ, ഒളവണ്ണ അൻവർ ഹുസൈൻ, നെല്ലിക്കോട് അബ്ദുൽ കബീർ, മാവൂർ തയ്യിൽ മുനീർ, പെരുവയൽ അഹമ്മദ് കുട്ടി, തിരുത്തിയിൽ ഉസ്മാൻ, പടനിലം ഇസ്മായിൽ, തൃശൂർ സ്വദേശി യഹിയാ തങ്ങളുടെ കൊയിലാണ്ടിയിലെ സ്ഥലം, കാസർകോട് സ്വദേശി സി.ടി. സുലൈമാന്റെ ട്രസ്റ്റ്, പേരാമ്പ്ര മുഹമ്മദ് അഷ്റഫ്, വടകര സമീർ, കൊടുവള്ളി സുബൈർ, പടനിലം ടി എം ഇസ്മായിൽ, പോപ്പുലർ ഫ്രണ്ട് സംസ്ഥാന കമ്മിറ്റി അംഗം തൃശൂർ സ്വദേശി യഹിയകോയ തങ്ങളുടെ കൊയിലാണ്ടിയിലെ ഡാലിയാ പ്ലാസ കെട്ടിടം എന്നിവർക്കാണ് നോട്ടീസ്.

**വയനാട്**

14 പേർക്കാണ് നടപടി. 12 പേരുടെ സ്വത്ത് ജപ്തി ചെയ്തു. രണ്ട് പേരുടെ നടപടികൾ പൂർത്തിയായില്ല.

**ജപ്തിയും കണ്ടു കെട്ടലും**

വ്യക്തിയുടെ പേരിലുള്ള സ്വത്തു വകകൾ അയാൾക്ക് സ്വന്തം നിലയ്ക്ക് വിനിമയം ചെയ്യാൻ കഴിയാത്ത വിധത്തിൽ മരവിപ്പിച്ചിടുന്ന പ്രക്രിയയാണ് ജപ്തി. ഇതിന് കേരള റവന്യൂ റിക്കവറി നിയമത്തിലെ സെക്ഷൻ ഏഴ് പ്രകാരം നോട്ടീസ് നൽകി നടപടിക്രമങ്ങൾ പൂർത്തിയാക്കണം. നഷ്ടപരിഹാരത്തുക കെട്ടിവയ്ക്കാനുള്ള കോടതി ഉത്തരവു പാലിക്കാതിരുന്നതിനാൽ പോപ്പുലർ ഫ്രണ്ട് കേസിൽ സ്വത്തുക്കൾ ജപ്തി ചെയ്യാൻ മുൻകൂർ നോട്ടീസ് നൽകേണ്ടതില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. തുടർന്നാണ് ജപ്തി നടപടികൾ പുരോഗമിച്ചത്.

കണ്ടു കെട്ടൽ : ജപ്തി ചെയ്ത ഭൂമി വിറ്റ് തുക വസൂലാക്കുന്ന നടപടിക്രമമാണ് കണ്ടുകെട്ടൽ. വ്യക്തികളിൽ നിന്നുള്ള തുക ഈടാക്കാനുള്ള അന്തിമ നടപടിയാണിത്. പോപ്പുലർ ഫ്രണ്ടിന്റെയും സംഘടനയുടെ ഭാരവാഹികളുടെയും സ്വത്തുക്കൾ ജപ്തി ചെയ്തശേഷം കണ്ടുകെട്ടിയാണ് നഷ്ടപരിഹാരത്തുക ഈടാക്കേണ്ടത്.



## ഭക്ഷണം പാഴ്സലിന് സ്ലിപ്പോ സ്റ്റിക്കറോ നിർബന്ധം

തിരുവനന്തപുരം :സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ മുന്നറിയിപ്പോടു കൂടിയ സ്ലിപ്പോ സ്റ്റിക്കറോ ഇല്ലാത്ത ഭക്ഷണപ്പൊതികൾ നിരോധിച്ച് സർക്കാർ ഉത്തരവായി. സ്ലിപ്പിലോ സ്റ്റിക്കറിലോ ഭക്ഷണം പാകംചെയ്ത തീയതി, സമയം, എത്ര സമയത്തിനുള്ളിൽ കഴിക്കണം എന്നിവ വ്യക്തമാക്കിയിരിക്കണമെന്ന് മന്ത്രി വീണാജോർജ് പറഞ്ഞു.ഫുഡ്സേഫ്റ്റി സ്റ്റാന്റേർഡ്സ് റഗുലേഷൻസ് പ്രകാരം ഹൈ റിസ്ക് ഹോട്ട് ഫുഡ്സ് വിഭാഗത്തിലുള്ള ഭക്ഷണം പാകംചെയ്ത് രണ്ട് മണിക്കൂറിനുള്ളിൽ ഉപയോഗിച്ചിരിക്കണം. ഭക്ഷണം എത്തിക്കാൻ കൂടുതൽ സമയമെടുക്കുന്നെങ്കിൽ യാത്രയിലും 60ഡിഗ്രി ഊഷ്മാവ് നിലനിറുത്തണം. ഇത്തരം ഭക്ഷണം സാധാരണ ഊഷ്മാവിൽ 2 മണിക്കൂറിൽ കൂടുതൽ സൂക്ഷിക്കുമ്പോൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് നടപടിയെന്നും മന്ത്രി വ്യക്തമാക്കി.













സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ഭക്ഷ്യവിഷബാധ പൂർണമായും പടികടക്കുമെന്ന മൂഢവിശ്വാസം മാറ്റിവയ്ക്കുകയാണു നല്ലത്

ഹോട്ടൽ ഭക്ഷണം കഴിച്ച് ചിലർ മരിക്കുകയും അനവധിപേർ ആശുപത്രികളിലാവുകയും ചെയ്തപ്പോഴാണ് സംസ്ഥാനത്തെ ആരോഗ്യവകുപ്പുമന്ത്രിയും ഭക്ഷ്യസുരക്ഷാവിഭാഗവും ഉറക്കം വിട്ടുണർന്നത്. രണ്ടാഴ്ചയിലേറെയായി ഉദ്യോഗസ്ഥർ ഭക്ഷണശാലകളിൽ പരിശോധന നടത്തുകയാണ്. നൂറിലേറെ സ്ഥാപനങ്ങൾ ഇതിനകം അടച്ചുപൂട്ടി. അനവധി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. പരിശോധനകൾ കടുക്കുമ്പോഴും പഴകിയതും അണുബാധയുള്ളതുമായ ഭക്ഷണം കഴിച്ച് പലരും ചികിത്സ തേടേണ്ടിവരുന്നു. പറവൂരിൽ ഡസൻകണക്കിനാളുകൾ ഹോട്ടൽ ഭക്ഷണം കഴിച്ച് ആശുപത്രികളിലായത് ബുധനാഴ്ചയാണ്.

ഇത്രയധികം പരിശോധനകളും പഴകിയ ഭക്ഷണം വിളമ്പുന്നതിനെതിരെ വലിയതോതിൽ ബോധവത്കരണവും നടത്തിയിട്ടും സുരക്ഷിതമായ ഭക്ഷണമേ ആളുകൾക്ക് നൽകാവൂ എന്ന് ഭക്ഷണശാലകൾ നടത്തുന്നവർക്ക് തോന്നാത്തത് ആശ്ചര്യം തന്നെ. ജനങ്ങളുടെ ജീവനെപ്പോലും അപകടത്തിലാക്കുന്ന അനാസ്ഥയാണിത്. ഇത്തരം തോന്ന്യാസങ്ങൾ ഒരു കാരണവശാലും വച്ചുപൊറുപ്പിക്കാനാവാത്തതുമാണ്. പഴകിയതും നിലവാരമില്ലാത്തതുമായ ഭക്ഷണം കഴിച്ച് ആൾക്കാർ ആശുപത്രിയിലാകുമ്പോൾ മാത്രമല്ല ഭക്ഷ്യസുരക്ഷാവകുപ്പ് കർമ്മോത്സുകരാകേണ്ടത്. സ്ഥാപനങ്ങളിൽ നിരന്തരം പരിശോധനകളും കുറ്റക്കാരെ കൈയോടെ ശിക്ഷിക്കാൻ നടപടികളും ഉണ്ടാകാത്തിടത്തോളം ഇതൊക്കെ ആവർത്തിച്ചുകൊണ്ടിരിക്കും.

ഭക്ഷ്യവിഷബാധ തടയാനുള്ള നടപടികളുടെ ഭാഗമായി ഹോട്ടലുകളിലെയും ഭക്ഷ്യവിതരണത്തിലേർപ്പെടുന്ന സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കാനൊരുങ്ങുകയാണ് സർക്കാർ. ജീവനക്കാർക്ക് ഹെൽത്ത് കാർഡില്ലാത്ത സ്ഥാപനങ്ങൾ ഫെബ്രുവരി ഒന്നുമുതൽ പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന് ആരോഗ്യമന്ത്രി മുന്നറിയിപ്പും നൽകിയിട്ടുണ്ട്.

ഹോട്ടലുകളിൽ നിന്നുള്ള ഭക്ഷണത്തിൽ വിഷം കയറുന്നത് ജീവനക്കാരിൽ നിന്നല്ലെന്ന് സാമാന്യബോധമുള്ളവർക്കെല്ലാം അറിയാം. ഭക്ഷണശാലകളിൽ ഉപയോഗിക്കുന്ന നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കളാണ് ഭക്ഷ്യവിഷബാധയുടെ പ്രധാന ഉറവിടം. മത്സ്യ -മാംസ വിഭവങ്ങളിൽ നിന്നാണ് പ്രധാനമായും ഭക്ഷ്യവിഷബാധയുണ്ടാകുന്നത്. ഇവയുടെ സംസ്കരണവും സൂക്ഷിപ്പും കുറ്റമറ്റ നിലയിലല്ലെങ്കിൽ രോഗസാദ്ധ്യത കൂടുതലാണ്. പരിശോധനനടന്ന പല വലിയ ഭക്ഷണശാലകളിലും ആഴ്ചകൾ പഴക്കമുള്ള മാംസം കണ്ടെടുത്തിരുന്നു. പഴകിയ മാംസം സ്ഥിരമായി സപ്ളൈ ചെയ്യുന്ന നിരവധി സ്ഥാപനങ്ങൾ ഇവിടെയുണ്ട്. മനുഷ്യരെ അതിവേഗം രോഗികളാക്കി മാറ്റുന്ന ഇത്തരം സ്ഥാപനങ്ങൾ പൂട്ടാനാണു ആദ്യം നടപടി വേണ്ടത്. സംസ്ഥാനത്ത് മത്സ്യ-മാംസ വിപണനത്തിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളോ മാനദണ്ഡങ്ങളോ ഉള്ളതായി തോന്നുന്നില്ല. അനധികൃതമായി പ്രവർത്തിക്കുന്നവയാണ് ഭൂരിപക്ഷം മാംസവില്പനശാലകളും. ശാസ്ത്രീയ രീതിയിൽ പ്രവർത്തിക്കുന്ന എത്ര അറവുശാലകൾ സംസ്ഥാനത്തുണ്ടെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പിനുപോലും പറയാനാവില്ല. തലസ്ഥാനമായ തിരുവനന്തപുരത്ത് ശാസ്ത്രീയരീതിയിൽ പ്രവർത്തിച്ചിരുന്ന അറവുശാല അടച്ചുപൂട്ടിയിട്ട് പതിറ്റാണ്ടുകളായി

ഹോട്ടലുകളിലെയും മറ്റും ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കുന്നതിനൊപ്പം ഭക്ഷ്യോത്പന്നങ്ങളുടെ സംസ്കരണത്തിലും വിതരണത്തിലും ഏർപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും കൃത്യമായ മാനദണ്ഡങ്ങളോടെയാണു പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തണം. മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും വേണം. ഇത്തരം പരിശോധനകൾ ഉദ്യോഗസ്ഥർക്ക് കൈമടക്കു വാങ്ങാനുള്ള ഏർപ്പാടായി മാറാതിരിക്കാൻ കർക്കശമായ നിരീക്ഷണ സംവിധാനങ്ങളും ആവശ്യമാണ്. ഹെൽത്ത് കാർഡ് സമ്പാദിക്കാൻ പാവപ്പെട്ട ജീവനക്കാർ സ്വന്തം വേതനത്തിൽനിന്ന് പണം മുടക്കേണ്ടിവരുന്ന സാഹചര്യവും ഒഴിവാക്കണം. അതതു സ്ഥാപനങ്ങളോ അതല്ലെങ്കിൽ സർക്കാർ തന്നെയോ അതിനു സംവിധാനമൊരുക്കണം. ജീവനക്കാർ ഹെൽത്ത് കാർഡും പോക്കറ്റിലിട്ടുകൊണ്ട് ജോലിചെയ്താൽ ഭക്ഷ്യവിഷബാധ പൂർണമായും പടികടക്കുമെന്ന മൂഢവിശ്വാസം മാറ്റിവയ്ക്കുകയാണു നല്ലത്.



## ചന്ദ്രനിലിറങ്ങിയ രണ്ടാമന് 93-ാം പിറന്നാളിൽ വിവാഹം;

കമിതാക്കളെപ്പോലെയെന്ന് ആൽഡ്രിൻ

വാഷിങ്ടൺ: ആദ്യമായി ചന്ദ്രനിലിറങ്ങിയ അമേരിക്കൻ ബഹിരാകാശ യാത്രികസംഘത്തിലെ ഡോക്ടർ എഡ്വിൻ ബുസ് ആൽഡ്രിൻ 93-ാം വയസിൽ വിവാഹിതനായി. ദീർഘകാലത്തെ പ്രണയത്തിനൊടുവിലാണ് ബുസ് ആൽഡ്രിൻ ഡോക്ടർ അങ്ക ഫൗറിനെ ജീവിതപങ്കാളിയാക്കിയത്. 1969ലെ അപ്പോളോ 11 ദൗത്യത്തിലൂടെ ചന്ദ്രോപരിതലത്തിൽ കാലുകുത്തിയ രണ്ടാമത്തെ വ്യക്തിയാണ് ആൽഡ്രിൻ. ലോസ് ആഞ്ജിലസിൽ നടന്ന ലളിതമായ ചടങ്ങിൽ ഇരുവരും വിവാഹിതരായി എന്ന കുറിപ്പോടെ അദ്ദേഹം ടിറ്ററിലൂടെ ചിത്രങ്ങൾ പങ്കുവെച്ചു.

'ഏറെക്കാലമായി എന്റെ പ്രണയിനിയായ ഡോക്ടർ അങ്ക ഫൗറും ഞാനും എന്റെ 93-ാം ജന്മദിനത്തിൽ, വ്യോമമേഖലയിലെ ജീവിച്ചിരിക്കുന്ന ഇതിഹാസങ്ങളുടെ ആശീർവാദത്തോടെ വിവാഹിതരായി. ലോസ് ആഞ്ജിലസിൽ നടന്ന ചെറിയ, സ്വകാര്യചടങ്ങിൽ ഞങ്ങൾ ഒന്നിച്ചു, ഒളിച്ചോടിയ കൗമാരകമിതാക്കളെപ്പോലെ ആവേശത്തിലാണ് ഞങ്ങൾ', അദ്ദേഹം കുറിച്ചു. ആൽഡ്രിന്റെ ടിറ്റീനോട് നിരവധി പേരാണ് പ്രതികരിച്ചത്. ആൽഡ്രിന് ജന്മദിനാശംസകൾ നേർന്നും അദ്ദേഹത്തിന്റെ ജീവിതത്തിലെ സന്തോഷാവസരത്തിൽ ഒപ്പം ചേർന്നും നിരവധി മറുപടികളും വന്നു.

നേരത്തെ മൂന്ന് തവണ വിവാഹിതനാവുകയും വിവാഹമോചനം നേടുകയും ചെയ്തിട്ടുണ്ട് ആൽഡ്രിൻ. അപ്പോളോ 11 ദൗത്യത്തിലെ മൂന്നംഗങ്ങളിൽ ജീവിച്ചിരിക്കുന്ന ബഹിരാകാശ യാത്രികനാണ് ആൽഡ്രിൻ. നീൽ ആംസ്ട്രോങ് ചന്ദ്രനിൽ ആദ്യമായി കാലുകുത്തി പത്തൊമ്പത് മിനിറ്റിന് ശേഷമാണ് ആൽഡ്രിൻ ചന്ദ്രനിലിറങ്ങിയത്. 1971-ൽ നാസയിൽ നിന്ന് വിരമിച്ച ശേഷം ആൽഡ്രിൻ 1998-ൽ ബഹിരാകാശ പര്യവേക്ഷണത്തിനായി ഷെയർ സ്പേസ് ഫൗണ്ടേഷൻ സ്ഥാപിച്ചിരുന്നു.



## കോവിഡിനെ പിടിച്ചുകെട്ടാൻ ജസിൻഡയ്ക്കൊപ്പം നിന്ന ഹിപ്കിൻസ് അടുത്ത പ്രധാനമന്ത്രി

വെല്ലിങ്ടൺ: രാജിപ്രഖ്യാപിച്ച ജസിൻഡ ആർഡേണിന് പകരം ലേബർ പാർട്ടി എം.പി. ക്രിസ് ഹിപ്കിൻസ് ന്യൂസിലൻഡ് പ്രധാനമന്ത്രിയാവും. ഒക്ടോബറിൽ പൊതുതിരഞ്ഞെടുപ്പ് നടക്കാനിരിക്കെ എത്രകാലത്തേക്ക് ഹിപ്കിൻസിന് സ്ഥനത്ത് തുടരാൻ കഴിയുമെന്നതിൽ വ്യക്തതയില്ല. എം.പിയെന്ന നിലയിൽ എട്ടുമാസം കൂടിയാണ് അദ്ദേഹത്തിന് കാലാവധിയുള്ളത്. നിലവിൽ പോലീസ്- വിദ്യാഭ്യാസ- പൊതുസേവന മന്ത്രിയാണ് ഹിപ്കിൻസ്.

2008-ൽ ആദ്യമായി പാർലമെന്റ് അംഗമായ ഹിപ്കിൻസ് 2020ലാണ് ആദ്യമായി മന്ത്രിയായത്. അന്ന് കോവിഡ് വകുപ്പായിരുന്നു കൈകാര്യം ചെയ്തിരുന്നത്. രാജ്യത്ത് കോവിഡ് പിടിച്ചുകെട്ടുന്നതിൽ ജസിൻഡയ്ക്ക് ഒപ്പം നിർണ്ണായക പങ്കാണ് ഹിപ്കിൻസ് വഹിച്ചത്. ജസിൻഡയ്ക്ക് പകരക്കാരനായി ഹിപ്കിൻസിന്റേതല്ലാതെ മറ്റൊരു പേര് പരിഗണനയിലില്ലായിരുന്നുവെന്നാണ് റിപ്പോർട്ട്.

കഴിഞ്ഞ ദിവസം നടന്ന ലേബർ പാർട്ടിയുടെ വാർഷിക കോക്കസ് യോഗത്തിൽ അപ്രതീക്ഷിതമായി ജസിൻഡ രാജിപ്രഖ്യാപിക്കുകയായിരുന്നു. ഹട്ട് വാലിയിൽ നിന്നുള്ളൊരാൾക്ക് ഇന്ന് വലിയ ദിവസമാണെന്ന് പ്രഖ്യാപനം വന്നതിന് പിന്നാലെ ഹിപകിൻസ് പ്രതികരിച്ചു. വിനയാന്വിതനാവുകയാണ്. സ്ഥാനം ഏറ്റെടുക്കുന്നതിൽ അഭിമാനമുണ്ട്. ജീവിതത്തിലെ ഏറ്റവും വലിയ ഉത്തരവാദിത്വവും അധികാരവുമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



## ബോംബ് ഭീഷണി: മോസ്കോയിൽനിന്ന് ഗോവയിലേക്കുവന്ന വിമാനം വഴിതിരിച്ചുവിട്ടു

പനാജി: റഷ്യൻ തലസ്ഥാനമായ മോസ്കോയിൽനിന്ന് ഗോവയിലേക്കുവന്ന വിമാനം ബോംബ് ഭീഷണിയെത്തുടർന്ന് ഉസ്ബക്കിസ്താനിലേക്ക് വഴിതിരിച്ചുവിട്ടു. ശനിയാഴ്ച പുലർച്ചെയാണ് സംഭവം.ഗോവയിലെ ഡബോളിം വിമാനത്താവളത്തിൽ പുലർച്ചെ 4.15-ന് ഇറങ്ങേണ്ടിയിരുന്ന അസുർ എയർലൈൻസ് വിമാനമാണ് വഴിതിരിച്ചുവിട്ടത്.

ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിന് മുമ്പുതന്നെ അധികൃതർ വിമാനം വഴിതിരിച്ചുവിട്ടിരുന്നു. വിമാനത്തിൽ ബോംബ് വച്ചിട്ടുണ്ടെന്ന ഇ-മെയിൽ സന്ദേശം ഡബോളിം വിമാനത്താവള അധികൃതർക്കാണ് ലഭിച്ചത്. രണ്ട് ആഴ്ചകൾക്കു മുമ്പും സമാനമായ സംഭവമുണ്ടായിരുന്നു. ബോംബ് ഭാഷണിയെ തുടർന്ന് അന്ന് ഗോവ-മോസ്കോ വിമാനം ഗുജറാത്തിലെ ജാംനഗർ വിമാനത്താവളത്തിൽ അടിയന്തരമായി ഇറക്കിയിരുന്നു.



## നേപ്പാൾ വിമാന ദുരന്തം: സുപ്രധാന ബിൽ പാസാക്കാത്തതിനാൽ നഷ്ടപരിഹാര തുകയിൽ വൻ കുറവുവരും

കാഠ്മണ്ഡു: വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട നിർണ്ണായക ബിൽ നേപ്പാൾ സർക്കാർ പാസ്സാക്കാത്തതിനെത്തുടർന്ന് വിമാനദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തിൽ വൻതുക കുറവുണ്ടാവും. എയർ ക്യാരിയേഴ്സ് ലയബിലിറ്റി ആൻഡ് ഇൻഷുറൻസ് ഡ്രാഫ്റ്റ് ബില്ലിന് അംഗീകാരം നൽകാത്തതിനെത്തുടർന്നാണ് കുടുംബങ്ങൾക്ക് ദശലക്ഷങ്ങളുടെ കുറവ് ഉണ്ടാവുക. 2020ൽ അന്തിമരൂപം നൽകിയ ബില്ലാണ് രണ്ടുവർഷത്തിലേറെയായി അംഗീകാരം കിട്ടാതെ കെട്ടിക്കിടക്കുന്നത്.

1999ലെ മോണ്ട്രിയൽ കൺവെൻഷനിലെ ഉപാധികൾ അംഗീകരിച്ച് രണ്ടുവർഷത്തിന് ശേഷമാണ് ബില്ലിന് അന്തിമരൂപം നൽകിയത്. കൺവെൻഷനിലെ ഉപാധികൾ പ്രകാരം വിമാന ദുരന്തങ്ങളിലുണ്ടാവുന്ന മരണങ്ങൾക്കും പരിക്കുകൾക്കും വിമാനക്കമ്പനിയാണ് കാരണക്കാർ. നേപ്പാളിലെ പുതിയ ബിൽ പ്രകാരം നിലവിലെ നഷ്ടപരിഹാരത്തിൽ നിന്ന് അഞ്ച് ഇരട്ടി വർധനയാണ് ഉണ്ടാവുക. വിമാനദുരന്തങ്ങളിലെ ഇരകൾക്ക് കുറഞ്ഞ നഷ്ടപരിഹാരം ഒരുലക്ഷം യു.എസ്. ഡോളർ ആണ് ആഭ്യന്തര വിമാനക്കമ്പനികൾ നൽകേണ്ടത്. 80 ലക്ഷത്തിലേറെയാണ് ഇന്ത്യൻ രൂപയിൽ ഇതിന്റെ മൂല്യം. നിലവിൽ 20,000 യു.എസ്. ഡോളറാണ് കുറഞ്ഞ നഷ്ടപരിഹാരത്തുക.

വിമാന അപകടമുണ്ടായി 60 ദിവസത്തിനുള്ളിൽ വിമാനക്കമ്പനിയിലോ ഏജന്റുമാർവശമോ നഷ്ടപരിഹാരം അവകാശപ്പെടണമെന്ന് പുതിയ ബിൽ പറയുന്നു. മോണ്ട്രിയൽ കൺവെൻഷന്റെ പരിഷ്കരിച്ച പതിപ്പാണ് ബില്ലെന്ന് നേപ്പാൾ ടൂറിസം വകുപ്പ് അവകാശപ്പെട്ടു. കൺവെൻഷനിലെ ഉപാധികളിൽ ആഭ്യന്തര വിമാനക്കമ്പനികൾക്ക് അംഗീകരിക്കാൻ കഴിയാത്ത വളരെയേറെ ഉപാധികൾ ഉണ്ടായിരുന്നെന്നും വകുപ്പ് പറയുന്നു. ബില്ലിന്റെ കരട് തയ്യാറാണെന്നും ഉടൻ തന്നെ മന്ത്രിസഭയിൽ അവതരിപ്പിക്കുമെന്നും സിവിൽ ഏവിയേഷൻ മന്ത്രാലയം അറിയിച്ചു. മന്ത്രിസഭ അംഗീകാരം നൽകിയ ശേഷം പാർലമെന്റിന്റെ പരിഗണനയ്ക്ക് വിടും.

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647



# ട്രെയിൻ യാത്ര ഇളവ് പ്രായം 70, സ്ത്രീ, പുരുഷ ഭേദമില്ല

**തിരുവനന്തപുരം:** സ്ത്രീ, പുരുഷ ഭേദമില്ലാതെ പ്രായപരിധി 70 ആക്കിയും സൗജന്യ നിരക്ക് 40 ശതമാനമാക്കി നിജപ്പെടുത്തിയും മുതിർന്ന പൗരന്മാരുടെ ട്രെയിൻ യാത്ര സൗജന്യ നിരക്ക് കേന്ദ്രം പുനഃസ്ഥാപിച്ചേക്കും. ഫെബ്രുവരി ഒന്നിന് അവതരിക്കുന്ന കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപനം ഉണ്ടാകുമെന്നാണ് സൂചന. 58 വയസ് കഴിഞ്ഞ സ്ത്രീകൾക്ക് 50 ശതമാനവും 60 വയസ് കഴിഞ്ഞ പുരുഷൻമാർക്ക് 40 ശതമാനവുമാണ് നിലവിൽ സൗജന്യ യാത്രാ നിരക്ക്. കൊവിഡിനെ തുടർന്ന് 2020 മാർച്ച് 19 മുതൽ ഇത് നിറുത്തിവച്ചിരുന്നു. ഭേദഗതികളോടെ പുന:സ്ഥാപിക്കാനാണ് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ നീക്കം. 11 വിഭാഗം രോഗികൾക്കുള്ള സൗജന്യങ്ങളും ഭിന്നശേഷിക്കാർക്കും വിദ്യാർത്ഥികൾക്കുമുള്ള സൗജന്യങ്ങളും നേരത്തെ പുന:സ്ഥാപിച്ചിരുന്നു. 46 മേഖലകളിലാണ് സൗജന്യ നിരക്ക് നൽകിയിരുന്നത്. ശേഷിക്കുന്നവ ഘട്ടംഘട്ടമായി പുന:സ്ഥാപിച്ചേക്കും. യാത്രാസൗജന്യം നിറുത്തിയതോടെ മുതിർന്ന പൗരന്മാരുടെ ഏറ്റവും വലിയ ക്ഷേമപദ്ധതിയാണ് ഇല്ലാതായതെന്ന് പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. സ്ളീപ്പർ, തേർഡ് എ.സി ക്ളാസുകളിലെങ്കിലും അനുവദിക്കണമെന്നും ശുപാർശ ചെയ്തിരുന്നു.

**പ്രതിവർഷം 12 കോടി പേർ**

60 വയസ് പിന്നിട്ട 12കോടി മുതിർന്ന പൗരന്മാരാണ് പ്രതിവർഷം ട്രെയിൻ യാത്ര നടത്തുന്നത്. കൊവിഡിനെ തുടർന്ന് 2020–21ൽ 1.90 കോടിയും 2021–22ൽ 5.5കോടിയുമായി കുറഞ്ഞു. 54 ശതമാനവും സ്ളീപ്പർ ക്ളാസുകളിലാണ് യാത്ര ചെയ്യുന്നത്. തേർഡ് എ.സി ഉപയോഗിക്കുന്നത് 16ശതമാനം. മുതിർന്ന പൗരന്മാരുടെ സൗജന്യ നിരക്ക് നിറുത്തിയതിലൂടെ കഴിഞ്ഞ രണ്ടുവർഷം 2560.9 കോടിയുടെ നേട്ടമുണ്ടായെന്നാണ് റെയിൽവേയുടെ കണക്ക്.



# ശേഷി 560, ഉള്ളത് 950 പേർ; വിയ്യൂർ ജയിലിൽ തടവുകാർ തമ്മിൽ ഏറ്റുമുട്ടൽ തുടർക്കഥ

തൃശ്ശൂർ: അന്തേവാസികളുടെ ആധിക്യവും ഗുണ്ടാതടവുകാരുടെ പ്രവാഹവും കാരണം വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാർ തമ്മിലുള്ള ഏറ്റുമുട്ടൽ നിത്യ സംഭവമാകുന്നു. 560 പേരെ പാർപ്പിക്കാൻ ശേഷിയുള്ള ജയിലിലിപ്പോൾ തടവുകാരുടെ എണ്ണം 950 ആണ്. ജീവനക്കാരാകട്ടെ, 45 ശതമാനം കുറവുമാണ്. ജയിൽവകുപ്പിന്റെ പുതിയ നിർദേശപ്രകാരം അതത് മേഖലകളിലെ ഗുണ്ടാ തടവുകാരെ അവരുടെ മേഖലയിലെ ജയിലുകളിൽ പാർപ്പിക്കാൻ പാടില്ല. അതുപ്രകാരം കണ്ണൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലെ സെൻട്രൽ ജയിലുകളിലെ തദ്ദേശതടവുകാരെ വിയ്യൂർ ജയിലിലേക്കാണ് മാറ്റുന്നത്. ഇത് വിയ്യൂർ ജയിലിൽ ഗുണ്ടാ തടവുകാർ വർധിക്കുന്നതിന് കാരണമാകുന്നുണ്ട്. നിലവിലുള്ള 950 തടവുകാരിൽ നൂറിലേറെപ്പേർ ഗുണ്ടാ തടവുകാരാണ്. ഇവരും സാധാരണ തടവുകാരും തമ്മിലുള്ള ഏറ്റുമുട്ടൽ പതിവാണ്. ഇതു കാരണം ജയിലിൽ തടവുകാരുടെ വിവിധ സംഘങ്ങളും രൂപപ്പെട്ടിട്ടുണ്ട്. ജീവനക്കാരുടെ കുറവും ലഭ്യമായ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം കിട്ടാത്തതും തടവുകാരെ കൈകാര്യം ചെയ്യുന്നതിൽ പരാജയമാകുന്നുണ്ട്. ജയിൽ നിയമപ്രകാരം ആറ് തടവുകാർക്ക് ഒരു ഉദ്യോഗസ്ഥൻ വീതം വേണം. എന്നാൽ, വിയ്യൂർ ജയിലിൽ ഇപ്പോൾ 12 പേർക്ക് ഒരു ഉദ്യോഗസ്ഥൻ പോലുമില്ലാത്ത സ്ഥിതിയാണ്. ജയിലുകളിൽ താത്കാലിക സർവീസിനായി കെക്സ്കോൺ വഴി വിമുക്തഭടന്മാരെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായി നിയമിച്ചിരുന്നത് നിർത്തലാക്കിയതും വിയ്യൂർ ജയിലിൽ വലിയ തിരിച്ചടിയായി. ജയിൽ വകുപ്പിലേക്ക് നിയമിക്കപ്പെടുന്നവർ ജോലിസമ്മർദ്ദം കാരണം ജോലി ഉപേക്ഷിക്കുകയാണ്. ജയിൽവകുപ്പിലെ ജീവനക്കാരുടെ കുറവ് ഏറ്റവുമധികം പ്രതിഫലിക്കുന്നതും വിയ്യൂർ സെൻട്രൽ ജയിലിലാണ്.



# സർക്കാരിന് ഒന്നിനു പകരം 3 പണിയുമായി ഗവർണർ, മലയാളം, എം. ജി, കുസാറ്റ് സർവ്വകലാശാലകളിൽ സ്വന്തം സെർച്ച് കമ്മിറ്റി

**തിരുവനന്തപുരം:** മലയാളം സർവ്വകലാശാലയിൽ വി.സിയെ നിയമിക്കാനുള്ള സെർച്ച് കമ്മിറ്റിയിൽ ചാൻസലറുടെ പ്രതിനിധിയെ ആവശ്യപ്പെട്ടുള്ള സർക്കാരിന്റെ കത്ത് തള്ളിയ ഗവർണർ അവിടെയും കുസാറ്റ്, എം.ജി വാഴ്സിറ്റികളിലേക്കും സ്വന്തം നിലയിൽ സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നു. മൂന്ന് കമ്മിറ്റികളിലേക്കും യു.ജി.സി പ്രതിനിധിയെ അടിയന്തരമായി അനുവദിപ്പിച്ചു. ചാൻസലറുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി രൂപീകരിക്കുന്ന സെർച്ച് കമ്മിറ്റികളിൽ സെനറ്റിന്റെ പ്രതിനിധിയെ പിന്നീട് ഉൾപ്പെടുത്തും. താൻ ഒപ്പുവയ്ക്കാത്ത ബിൽ പ്രകാരം മലയാളം സർവകലാശാല വൈസ് ചാൻസലർ നിയമനത്തിന് സെർച്ച്കമ്മിറ്റി രൂപീകരിക്കാനൊരുങ്ങിയ സർക്കാരിന് അതേ നാണയത്തിൽ തിരിച്ചടി നൽകുകയായിരുന്നു ഗവർണർ. കർണാടക കേന്ദ്ര സർവകലാശാല വി.സി പ്രൊഫ. ബട്ടുസത്യനാരായണ (മലയാളം), മിസോറാം യൂണി. മുൻ വി. സി പ്രൊഫ.കെ.ആർ.എസ്.സാംബശിവ റാവു (എം.ജി), ഹൈദരാബാദിലെ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണി. വി.സി പ്രൊഫ.ഇ.സുരേഷ് കുമാർ ( കുസാറ്റ് )? എന്നിവരാണ് യു.ജി.സി പ്രതിനിധികൾ. നിയമനാധികാരിയായ ചാൻസലർക്കാണ് സെർച്ച്കമ്മിറ്റി രൂപീകരിക്കാൻ അധികാരമെന്ന് ഗവർണർ ചൂണ്ടിക്കാട്ടുന്നു. എന്നാൽ, കലാശാലകളിലെ അദ്ധ്യാപകനിയമനത്തിന് സിൻഡിക്കേറ്റിന്റെ അനുമതിയോടെ വൈസ്ചാൻസലറാണ് സെർച്ച്കമ്മിറ്റി രൂപീകരിക്കുന്നത്. വി.സി നിയമനത്തിനുള്ള സെർച്ച്കമ്മിറ്റിയിൽ വാഴ്സിറ്റിയുമായി ബന്ധമുള്ളവർ പാടില്ലെന്നാണ് നിയമം. മലയാളം വി.സി ഡോ.അനിൽ വള്ളത്തോൾ ഫെബ്രുവരിയിലും കുസാറ്റ് വി.സി കെ.എൻ.മധുസൂദനൻ ഏപ്രിലിലും എം.ജി വി.സി പ്രൊഫ.സാബുതോമസ് മേയിലും കാലാവധി പൂർത്തിയാക്കും.

കോടതിക്ക് പിന്നെയും പണിയാവും

1. ഗവർണറും സർക്കാരും സ്വന്തം സെർച്ച് കമ്മിറ്റികൾ രൂപീകരിക്കുന്നത് നിയമ പോരാട്ടങ്ങൾക്ക് വഴിവയ്ക്കും. സർവകലാശാല പ്രതിനിധിയില്ലാതെ സെർച്ച് കമ്മിറ്റി പറ്റില്ലെന്ന് സർക്കാരും വാഴ്സിറ്റി പ്രതിനിധിയെ നൽകുന്നില്ലെന്ന് ഗവർണറും നിലപാടെടുക്കും.

2. സാങ്കേതിക വാഴ്സിറ്റി വി.സി നിയമനക്കേസിൽ, സെർച്ച് കമ്മിറ്റിക്ക് രൂപം നൽകാനോ കമ്മിറ്റിയിലേക്ക് പ്രതിനിധിയെ നോമിനേറ്റ് ചെയ്യാനോ അവിടത്തെ നിയമപ്രകാരം ചാൻസലർക്ക് അധികാരമില്ലെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

3. ചാൻസലറുടെ അധികാരം കവരുന്നതാണ് ഈ ഉത്തരവെന്ന് കാട്ടി ഗവർണർ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത ഹർജി ഫെബ്രുവരിയിൽ പരിഗണിക്കും. സംസ്ഥാന സർക്കാരിന് വി.സി നിയമനത്തിൽ യാതൊരു പങ്കുമില്ലെന്നാണ് ബംഗാളിലെ കേസിൽ സുപ്രീംകോടതി പറഞ്ഞതെന്നും ഗവർണർ ചൂണ്ടിക്കാട്ടുന്നു.

സർക്കാർ വാദം

ഗവർണർ ഒപ്പിടാത്ത ബിൽപ്രകാരമല്ല, 2018ലെ യു.ജി.സി റഗുലേഷൻ പ്രകാരമാണ് സെർച്ച് കമ്മിറ്റി രൂപീകരിച്ചത്. ഇതുപ്രകാരം സെർച്ച്കമ്മിറ്റിയിൽ യു.ജി.സി പ്രതിനിധി മാത്രമാണ് നിർബന്ധം. അംഗങ്ങളുടെ എണ്ണമോ ഘടനയോ പറയുന്നില്ല. ഇതുപ്രകാരമാണ് അഞ്ചംഗ കമ്മിറ്റി.

രാജ്ഭവൻ വാദം

വി.സി നിയമനത്തിനും യോഗ്യതയ്ക്കും 2018ലെ യു.ജി.സി ചട്ടങ്ങളാണ് ബാധകം. അതത് സർവകലാശാല നിയമപ്രകാരമാണ് സെർച്ച് കമ്മിറ്റി രൂപവത്കരിക്കുന്നത്. സർക്കാർ രൂപീകരിക്കുന്ന സെലക്ഷൻകമ്മിറ്റി ശുപാർശ ചെയ്യുന്നയാളെ നിയമിക്കാനാവില്ല.




# കർശന നടപടിക്ക് ഡി.ജി.പി: പോലീസിലെ ക്രിമിനലുകളുടെ വിവരങ്ങൾ തേടി; 24 സി.ഐമാർക്ക് സ്ഥലംമാറ്റം

തിരുവനന്തപുരം: ബലാത്സംഗം ഉൾപ്പെടെ ഗുരുതര കുറ്റകൃത്യങ്ങളിൽ പ്രതികളായ പോലീസുകാരുടെ വിവരങ്ങൾ തേടി സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത്. ചൊവ്വാഴ്ച വൈകീട്ട് അഞ്ചുമണിക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് യൂണിറ്റ് മേധാവികളോട് ഡിജിപി ആവശ്യപ്പെട്ടു. പോലീസ്-ഗുണ്ടാ ബന്ധം വെളിച്ചത്തായതോടെയാണ് ക്രിമിനൽ പശ്ചാത്തലമുള്ള കൂടുതൽ പോലീസുകാർക്കെതിരേ നടപടിയിലേക്ക് ഡിജിപി നീങ്ങുന്നത്. ഇതിനിടെ സംസ്ഥാനവ്യാപകമായി 24 എസ്.എച്ച്.ഒ.മാരെ സ്ഥലംമാറ്റി. ഗുണ്ടാബന്ധത്തിന്റെ പേരിൽ നടപടി നേരിട്ട സി.ഐ.മാർക്ക് പകരം ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തു. പോലീസ് സേനയിലെ കളങ്കിതർക്കെതിരെ ശക്തമായ നടപടിയെടുക്കാൻ സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് യൂണിറ്റ് മേധാവികൾക്ക് കഴിഞ്ഞ ദിവസം നിർദേശം നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് ഗുരുതര കുറ്റകൃത്യങ്ങളിൽ പ്രതികളായ ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കാനുള്ള നിർദേശം നൽകിയത്. ഐ.ജി.മാർ, ഡി.ഐ.ജി.മാർ, സിറ്റി പോലീസ് കമ്മിഷണർമാർ, ജില്ലാ പോലീസ് മേധാവികൾ ഉൾപ്പെടെയുള്ളവരാണ് പ്രതികളായവരുടെ പട്ടിക തയ്യാറാക്കേണ്ടത്. പോക്സോ, ബലാത്സംഗം, വിജിലൻസ് കേസ് അടക്കമുള്ള ഗുരുതര കുറ്റകൃത്യങ്ങളിലുൾപ്പെട്ട പോലീസുകാരുടെ വിവരങ്ങളാണ് ശേഖരിക്കേണ്ടത്. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ സസ്പെൻഷൻ ഉൾപ്പെടെ ശിക്ഷാ നടപടികൾ നേരിട്ട പോലീസുകാരുടെ വിവരങ്ങളും ഡി.ജി.പി. തേടിയിട്ടുണ്ട്. മുൻകാല ഇന്റലിജൻസ് റിപ്പോർട്ടുകൾ പുനഃപരിശോധിക്കാനും ഡി.ജി.പി. ആവശ്യപ്പെട്ടിട്ടുണ്ട്. ഗുണ്ടാ ബന്ധത്തിന്റെ പേരിൽ മുഴുവൻ പോലീസുകാരും നടപടി നേരിട്ട മംഗലപുരം പോലീസ് സ്റ്റേഷനിൽ പുതിയ എസ്.എച്ച്.ഒ.യെ നിയമിച്ചു. തിരുവനന്തപുരം സിറ്റി സൈബർ പോലീസ് സി.ഐ. സിജു കെ.എൽ. നായരാണ് മംഗലപുരം എസ്.എച്ച്.ഒ. സസ്പെൻഷനിലായ പേട്ട സി.ഐ. റിയാസ് രാജയ്ക്കു പകരം എസ്.എസ്. സുരേഷ് ബാബുവിനെയും നിയമിച്ചു. അതിനിടെ കസ്റ്റഡി കൊലപാതകം, മണൽ മാഫിയ ബന്ധം എന്നിവയുടെ പേരിൽ സസ്പെൻഷനിലായിരുന്ന തിരുവല്ല മുൻ എസ്.എച്ച്.ഒ. സുരേഷ് വി. നായരെ സർവീസിൽ തിരിച്ചെടുത്തു. താനൂർ കൺട്രോൾ റൂമിലാണ് പുതിയ നിയമനം














# മികച്ച ഗവേഷണത്തിന് പുരസ്കാരം: മന്ത്രി വീണാ ജോർജ്

*** ഗവേഷണം ഏകോപിപ്പിക്കാൻ ഡി.എം.ഇ.യിൽ ഓഫീസ് സംവിധാനം**

*** 10 മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് ഒരു കോടി**

മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് മികച്ച ഗവേഷണത്തിന് സർക്കാർ പുരസ്കാരം നൽകുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. മെഡിക്കൽ കോളേജുകളിലെ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ മേൽനോട്ടത്തിൽ സംസ്ഥാനതല ഓഫീസ് ഡി.എം.ഇ.യിൽ ആരംഭിക്കും. സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് (എസ്.ബി.എം.ആർ) വിപുലീകരിക്കും. ഗവേഷണം പ്രോത്സാഹിപ്പിക്കാൻ ഈ മേഖലയിലെ സന്നദ്ധ സംഘടനകളുടെ സഹായം പ്രയോജനപ്പെടുത്തുന്നതിന് മന്ത്രി നിർദേശം നൽകി. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരുടേയും സൂപ്രണ്ടുമാരുടേയും യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.10 മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിക്കും. ഓരോ മെഡിക്കൽ കോളേജിനും 10 ലക്ഷം രൂപ വീതം ആകെ ഒരു കോടി രൂപ അനുവദിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പാലിയേറ്റീവ് കെയർ രോഗികൾക്ക് മികച്ച പരിചരണവും ചികിത്സയും ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനും മെഡിക്കൽ കോളേജുകളുടെ റേറ്റിംഗ് ഉയർത്തുന്നതിനുമുള്ള ഗ്യാപ് അനാലിസിസ് നടത്താനും മന്ത്രി നിർദേശം നൽകി.ഓരോ മെഡിക്കൽ കോളേജിലും നടന്നു വരുന്ന നിർമ്മാണ വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കണം. ഹൈഎൻഡ് ഉപകരണങ്ങൾ യഥാസമയം നന്നാക്കുന്നതിനും സർവീസ് ചെയ്യുന്നതിനും സംസ്ഥാനതല നിരീക്ഷണം ഉണ്ടാകണം. ഉപകരണങ്ങൾ കോടായാൽ കാലതാമസം കൂടാതെ പ്രവർത്തന സജ്ജമാക്കി സേവനം നൽകുന്നതിന് ഓരോ മെഡിക്കൽ കോളേജും പ്രത്യേകം ശ്രദ്ധിക്കണം.മെഡിക്കൽ കോളേജുകളിൽ മെറ്റീരിയിൽ കളക്ഷൻ ഫെസിലിറ്റി പദ്ധതിയിലൂടെ മാലിന്യ സംസ്കരണം ഫലപ്രദമായ രീതിയിൽ നടത്തണം. ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് രണ്ടാം ഘട്ടം ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ പ്രവർത്തന പുരോഗതിയും മന്ത്രി വിലയിരുത്തി.ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, സ്പെഷ്യൽ ഓഫീസർ, എല്ലാ മെഡിക്കൽ കോളേജുകളിലേയും പ്രിൻസിപ്പൽമാർ, സൂപ്രണ്ടുമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ഇന്ന് പത്താം ചരമവാർഷികം



**ശ്രീമതി. സത്യഭാമ**

ലാൽ പാലസ്, ശാസ്താംനട റോഡ്,
പാളയംകുന്ന് (പി ഒ)
ലീന ആർ ലാലിന്റെ അമ്മ
എസ് രത്നാലിന്റെ അമ്മായിയമ്മ
SEO(Govt of Maharashtra)
കൊച്ചുമക്കൾ:- ഗ്രീഷ്മ രത്നലാൽ
( Forensic Scientist)
അഡ്വ.രേഷ്മ രത്നലാൽ (Malaysia)
മരുമകൻ:- സജികുമാർ (Asianet)
എൻജിനീയർ ചേതൻ കൃഷ്ണ
(Naval Architect-Malaysia)
കൊച്ചുമക്കൾ:-
അന്നു അഭുജ് ജിഎസ്
അവ്യൻ ആർ ചേതൻ
അനുഭജ് ജി.എസ്
അഗ്രിയ ജി സജി

# 2024 പ്രസിഡന്റ് തിരഞ്ഞെടുപ്പ്–സ്ഥാനാർത്ഥിത്വത്തിന് സൂചന നൽകി നിക്കി ഹേലി

സൗത്ത് കരോലിന: യുണൈറ്റഡ് നാഷൻസ് യു.എസ്. അംബാസിഡറായിരുന്ന സൗത്ത് കരോലിനാ മുൻ ഗവർണറും ഇന്ത്യൻ വംശജയുമായി നിക്കിഹേലി 2024 ൽ നടക്കുന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുമെന്ന് സൂചന നൽകി.വ്യാഴാഴ്ച അമേരിക്കയിലെ പ്രമുഖ വാർത്താചാനലുമായി നടത്തിയ അഭിമുഖത്തിലാണ് നിക്കി തന്റെ മനസ്സു തുറന്നത്. രണ്ടു പ്രധാന ചോദ്യങ്ങളോടാണ് നിക്കി പ്രതികരിച്ചത്. ഒന്ന് ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഒരു പുതിയ നേതൃത്വത്തിന്റെ പ്രസക്തി. രണ്ട് പുതിയ നേതൃത്വത്തിന് അനുയോജ്യമായ വ്യക്തിയാണോ ഞാൻ. ഒന്നു കൂടെ ഇവർ കൂട്ടിചേർത്തു. ഞാൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നുണ്ടെങ്കിൽ അത് ബൈഡന് എതിരായിട്ടായിരിക്കും. ഒരു കാരണവശാലും ബൈഡന് രണ്ടാമതൊരു അവസരം അനുവദിച്ചു കൂടാ എന്നു ഹേലി പറഞ്ഞു.എൺപത് വയസ് പ്രായമുള്ള ബൈഡനേക്കാൾ ചെറുപ്പക്കാരാണ് അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തു വരേണ്ടത്. റിപ്പബ്ലിക്കൻ പാർട്ടിയിൽ 5 വയസ്സുള്ള നിക്കി ചെറുപ്പക്കാരുടെ പ്രതിനിധിയായിരിക്കുമെന്നാണ് അവർ തന്നെ നൽകുന്ന സൂചന.ഡൊണാൾഡ് ട്രമ്പ് മൂന്നാം തവണയും പ്രസിഡന്റ് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചിരിക്കെ, ട്രമ്പിന്റെ അടുത്ത അനുയായി എന്ന് അറിയപ്പെടുന്ന നിക്കി അവസാന നിമിഷം ട്രമ്പിനു വേണ്ടി മാറികൊടുക്കുമോ എന്ന് കാത്തിരുന്നു കാണേണ്ടിവരും. ട്രമ്പ് ചിത്രത്തിൽ നിന്നും പുറത്താക്കുന്നുവെങ്കിൽ നിക്കിയുടെ സാധ്യത വർദ്ധിക്കുമെന്നാണ് രാഷ്ട്രീയ നിരീക്ഷകനെ കണക്കുകൂട്ടൽ.













## ലഹരിമുക്ത കാമ്പസ് ബോധവൽക്കരണവുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി/തിരുവനന്തപുരം:** ലഹരി ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് നടത്തിവരുന്ന പ്രചാരണത്തിന്റെ ഭാഗമായി കവടിയാർ ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂളിൽ ലഹരി മുക്ത കാമ്പസ് പരിപാടി സംഘടിപ്പിച്ചു. തിരുവനന്തപുരം എക്സൈസ് ഇൻസ്പെക്ടർ വി ജി സുനിൽ ബോധവൽക്കരണ ക്ലാസിന് നേതൃത്വം നൽകി. പ്രിൻസിപ്പൽ റവ. ഫാദർ ബിനോ പട്ടർകളം സിഎംഐ, എസ്ഐബി അസിസ്റ്റന്റ് ജനറൽ മാനേജർ ദീപ്തി ആർ, ക്ലസ്റ്റർ ഹെഡ് ശ്രീജിത്ത് പി വി എന്നിവർ പങ്കെടുത്തു.ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുകയാണ് ഈ പ്രചാരണത്തിലൂടെ ലക്ഷ്യമിടുന്നത്. വർധിച്ചു വരുന്ന ലഹരി ഉപയോഗം ഒരു സാമൂഹിക വിപത്തായി മാറുന്നത് തടയാൻ സർക്കാർ സംസ്ഥാന വ്യാപകമായി നടത്തിവരുന്ന ലഹരി വിരുദ്ധ പ്രചാരണത്തിന് പിന്തുണയുമായാണ് സൗത്ത് ഇന്ത്യൻ ബാങ്ക് കാമ്പസുകൾ കേന്ദ്രീകരിച്ച് പ്രചാരണം നടത്തിവരുന്നത്.

## പുരാതന സൗന്ദര്യ രഹസ്യങ്ങളും പ്രകൃതിദത്ത ചേരുവകളുമടങ്ങിയ
# പുതിയ ഐടിസി വിവേൽ വേദവിദ്യ

ഐടിസിയുടെ മുൻനിര സോപ്പ്, ബോഡി വാഷ് ബ്രാൻഡായ വിവൽ, ആയുർവേദത്തിൽ പ്രകീർത്തിച്ചിരിക്കുന്ന തത്വങ്ങളിലും ചേരുവകളിലും പൂർണ്ണമായും ക്യൂറേറ്റ് ചെയ്ത സോപ്പുകളുടെ ഒരു പുതിയ നിര ഐടിസി വിവേൽ വേദവിദ്യ എന്ന പേരിൽ പുറത്തിറക്കി. ഇന്ദ്രിയാനുഭൂതിയെ സൗന്ദര്യാത്മകതയുമായി സംയോജിപ്പിക്കുന്ന ഈ സോപ്പുകൾ പുരാതന ഇന്ത്യയിലെ രാജ്ഞിമാരുടെയും രാജകുമാരിമാരുടെയും സൗന്ദര്യ രഹസ്യങ്ങൾ ആധുനിക സ്ത്രീയിലേക്ക് തിരികെ കൊണ്ടുവരുവാൻ സഹായിക്കും.ചന്ദൻ, ബഹുമഞ്ജരി, കുംകുമാദി, നർഗീസ് തുടങ്ങിയ ചേരുവകൾ അടങ്ങിയതാണ് വിവൽ വേദവിദ്യ. ഇവയെല്ലാം ചർമ്മത്തെ സമ്പന്നമാക്കുകയും ദീർഘനാളത്തെ സുഗന്ധം അവശേഷിപ്പിക്കുകയും ചെയ്യുന്നു. നർഗീസ്, നാഗർമോത, ചന്ദൻ തുടങ്ങിയ ശ്രദ്ധാപൂർവം തിരഞ്ഞെടുത്ത പുരാതന ചേരുവകൾ ഉപയോഗിച്ച് നിർമ്മിച്ച ഈ സോപ്പുകൾ, മൃദുവായതും തുല്യ നിറമുള്ളതും ആരോഗ്യകരവും തിളക്കമുള്ളതും തിളങ്ങുന്നതുമായ ചർമ്മത്തിന്റെ അനുഭവം വീണ്ടും കണ്ടെത്താൻ നിങ്ങളെ സഹായിക്കുന്നു. പുതിയ വിവേൽ വേദവിദ്യ സോപ്പുകൾ എല്ലാ സീസണുകളിലും ഫലപ്രദമാണ്, അതിനാൽ നിങ്ങൾ കുളിക്കുന്ന ആചാരം മാറ്റേണ്ടതില്ല. പാക്കേജിംഗ് പുനരുപയോഗം ചെയ്യാവുന്നതാണ്, ഉപയോഗിച്ച ചേരുവകൾ ആധികാരികവും എല്ലാ ചർമ്മ തരങ്ങൾക്കും സുരക്ഷിതവുമാണ്.വിവേൽ വേദവിദ്യ നർഗീസും കുംകുമാദി എണ്ണയും – നർഗീസിന്റെ സുഖകരമായ സുഗന്ധവും കുംകുമാദി എണ്ണയുടെ പോഷകഗുണങ്ങളും കൊണ്ട് സമ്പുഷ്ടമായ ഈ സോപ്പ് മൃദുവായതും തുല്യ നിറമുള്ളതുമായ ചർമ്മത്തിന്റെ പ്രതീതിക്കൊപ്പം സുഗന്ധമുള്ള കുളി നൽകുന്നു. നർഗീസ് അല്ലെങ്കിൽ ഡാഫോഡിൽ പുഷ്പത്തിന്റെ സുഗന്ധം പുനരുജ്ജീവിപ്പിക്കുകയും ഊർജ്ജസ്വലമാക്കുകയും ചെയ്യുന്നു. ചെടികൾ, പൂക്കൾ, പഴങ്ങൾ, പാൽ എന്നിവയിൽ നിന്നുള്ള സത്തിൽ കുംകുമാദി എണ്ണയുടെ അവിശ്വസനീയമായ ഹെർബൽ മിശ്രിതം ചർമ്മത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു മാന്ത്രിക ചികിത്സ പോലെ പ്രവർത്തിക്കുകയും ചർമ്മത്തെ പുനരുജ്ജീവിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഈ ആയുർവേദ മിശ്രിതത്തിന് ചർമ്മത്തിന് വളരെയധികം മോയ്സ്ചറൈസിംഗ് ഗുണങ്ങളുണ്ട്. 'അത്ഭുതകരമായ അമൃതം' എന്ന് വിളിക്കപ്പെടുന്ന ഈ സംയോജനം നിങ്ങളുടെ ചർമ്മത്തിന് ഈർപ്പവും ഉന്മേഷവും നൽകുമെന്ന് വിശ്വസിക്കപ്പെടുന്നു.വിവേൽ വേദവിദ്യ നാഗർമോത, ബഹുമഞ്ജരി തൈലം – ബഹുമഞ്ജരി എണ്ണയുടെ പോഷകഗുണങ്ങൾക്കൊപ്പം നാഗർമോത്ത അല്ലെങ്കിൽ പരിപ്പ് പുല്ലിന്റെ ഗുണത്താൽ സമ്പുഷ്ടമായ ഈ സോപ്പ് ചർമ്മത്തെ മൃദുവും വ്യക്തവുമാക്കുന്നു. ആന്റിമൈക്രോബയൽ ഗുണത്തിന് പേരുകേട്ട നാഗർമോത വിവിധ ബാക്ടീരിയ, ഫംഗസ് അണുബാധകളിൽ നിന്ന് സംരക്ഷിക്കാൻ സഹായിക്കുന്നു. തുളസി തൈലം എന്നറിയപ്പെടുന്ന ബഹുമഞ്ജരി തൈലം നിങ്ങളുടെ ചർമ്മത്തെ ആരോഗ്യകരമാക്കാനും ചർമ്മത്തെ മൃദുലമാക്കാനും സഹായിക്കുന്നു. ഈ പുരാതന സൗന്ദര്യ സംയോജനം മൃദുവും തെളിഞ്ഞതുമായ ചർമ്മം പ്രദാനം ചെയ്യുന്നു.വിവേൽ വേദവിദ്യാ ചന്ദനവും ബദാം എണ്ണയും – ചന്ദനത്തിന്റെ ഗുണവും ബദാമം എണ്ണയുടെ പോഷക ഗുണങ്ങളും കൊണ്ട് സമ്പുഷ്ടമായ ഈ സോപ്പ് ചർമ്മത്തിന് പോഷണം നൽകുകയും ചർമ്മകോശങ്ങളുടെ ഇലാസ്തികത മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ചന്ദനത്തിന്റെയോ ചന്ദനത്തിന്റെയോ സത്തിൽ ഉയർന്ന പോഷകഗുണങ്ങളുണ്ട്, അത് ചർമ്മത്തിന് തുല്യമായ നിറവും തിളക്കമുള്ള തിളക്കവും നൽകുന്നു. ഇതിനെ അഭിനന്ദിച്ചുകൊണ്ട്, ബദാം (ബദാമം) എണ്ണ ചർമ്മത്തെ ജലാംശം നിലനിർത്താൻ സഹായിക്കുന്നു, അങ്ങനെ അത് ആരോഗ്യകരവും തിളക്കവുമുള്ളതാക്കുന്നു. ചേരുവകളുടെ ഈ ദിവ്യമായ സംയോജനം നിങ്ങളുടെ ചർമ്മത്തെ മൃദുലവും തിളക്കവും തിളക്കവുമുള്ളതാക്കും.




## ജെറ്റ് ഫ്രൈറ്റ് ലോജിസ്റ്റിക്സ് 37.70 കോടിയുടെ അവകാശ ഓഹരി ഇറക്കുന്നു

**മുംബൈ:** പ്രമുഖ ചരക്ക് കൈമാറ്റ കമ്പനികളിലൊന്നായ ജെറ്റ് ഫ്രൈറ്റ് ലോജിസ്റ്റിക്സ് 37.70 കോടി രൂപയുടെ ഓഹരി ഇറക്കുന്നു. കമ്പനിയുടെ വികസനത്തിനായി ഫണ്ട് ഉപയോഗിക്കാനാണ് പരിപാടി. വെയർഹൗസ് സ്വന്തമാക്കൽ, പ്രവർത്തന മൂലധനം സമാഹരിക്കുക, പുതിയ പ്രദേശങ്ങളിലേക്ക് പ്രവേശിക്കുക, പൊതു കോർപറേറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുക തുടങ്ങിയവയാണ് ലക്ഷ്യം. അവകാശം ലഭിക്കുന്നതിന് അർഹതയുള്ള ഇക്വിറ്റി ഷെയർഹോൾഡർമാരെ നിർണ്ണയിക്കുന്നതിനുള്ള തീയതിയായി കമ്പനി ജനുവരി 11 നിശ്ചയിച്ചു. ഓരോ ഓഹരിക്കും 16.25 രൂപയാണ് കമ്പനി നിശ്ചയിച്ചിട്ടുള്ള വില. കമ്പനിയുടെ അവകാശ ഇഷ്യു ജനുവരി 20 ആരംഭിച്ച് 31ന് അവസാനിപ്പിക്കും. വിപണിക്ക് അവകാശങ്ങൾ നിരസിക്കാനുള്ള അവസാന തിയതി ജനുവരി 25 ആണ്. 37.70 കോടി രൂപ വരുന്ന പൂർണമായി വിൽക്കാവുന്ന 2,32,01,892 ഓഹരികളാണ് കമ്പനി ഇറക്കുക. അഞ്ചു രൂപ മുഖവിലയുള്ള ഓഹരികൾ 16.25 രൂപയ്ക്കായിരിക്കും അവതരിപ്പിക്കുക, അതായത് 11.24 രൂപയുടെ പ്രീമിയം ഉൾപ്പടെ. ഇറക്കുന്ന ഓഹരികളുടെ അവകാശ അനുപാതം 1:1 ആയിരിക്കും.'മിഷൻ എക്സൽ'' ഉൾപ്പടെ പല നിർണായക തന്ത്രപരമായ ദൗത്യങ്ങളും കമ്പനി ഈയിടെ സ്വീകരിച്ചിട്ടുണ്ടെന്നും കൂടുതൽ വളർച്ചയ്ക്കായി സഹകാരികളെ കൂട്ടുകയും ഉൽപ്പന്ന വ്യാപ്തി വർധിപ്പിക്കുക, ആളുകളും സംസ്കാരവും, പ്രവർത്തന ഓട്ടോമേഷൻ, ബിസിനസ് പ്രോൽസാഹനം എന്നിങ്ങനെ നാലു കാര്യങ്ങളിൽ ഊന്നിയാണ് ബിസിനസ് ദൗത്യങ്ങളെന്നും ഓഹരി ഉടമകൾക്ക് അർഹമായ മൂല്യം നൽകുകയും പുതിയ അവകാശ വിൽപ്പന കമ്പനിയുടെ ബാലൻസ് ഷീറ്റ് വർധിപ്പിക്കുമെന്നും പുതിയ വളർച്ചാ ദൗത്യങ്ങൾക്കു വഴിയൊരുക്കുമെന്നും ജെറ്റ് ഫ്രൈറ്റ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ റിച്ചാർഡ് തെക്കനാഥ് പറഞ്ഞു.


# ബിനാലെ ആർട്ട്റൂമിൽ വൈവിധ്യമാർന്ന ശിൽപശാലകൾ



**കൊച്ചി:** ബിനാലെയുടെ എബിസി പ്രോജക്ടിന്റെ ഭാഗമായി ആർട്ട്റൂമിൽ വ്യത്യസ്ത വിഷയങ്ങളിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി വൈവിധ്യമാർന്ന ശിൽപശാലകൾ. അന്താരഷ്ട്ര തലത്തിൽ പ്രശസ്തരായവരാണ് ഫോർട്ടുകൊച്ചി കബ്രാൾ യാർഡിൽ നടക്കുന്ന ശിൽപശാലകൾക്ക് നേതൃത്വം നൽകുന്നത്.എയർ ഇങ്ക് ഉപയോഗിച്ചുള്ള സിൽക്ക് സ്ക്രീൻ പ്രിന്റിംഗ് ശിൽപശാല ഇന്ന് (ജനുവരി 22) ആരംഭിക്കും. പ്രശസ്ത ജർമ്മൻ ക്രോസ്സ് മീഡിയ ആർട്ടിസ്റ്റും പ്രിന്റ് മേക്കറുമായ ആൻഡ്രിയാസ് ഉൽറിച്ച് നേതൃത്വം നൽകുന്ന ശിൽപശാല 24 വരെ തുടരും. ഡൽഹിയിൽ അന്തരീക്ഷ മലിനീകരണത്തിനു കാരണമാകുന്ന കാർബൺ തരികൾ ശേഖരിച്ച് പ്രിന്റ് മേക്കിംഗിന് ഉപയോഗിക്കുന്നു എന്നത് ശിൽപശാലയുടെ പ്രത്യേകതയാണ്. മലയാളി ആർട്ടിസ്റ്റ് അജ്മൽ ഷിഫാസും ഭാഗഭാക്കാകും.ഈ മാസം 24 മുതൽ 26 വരെ നടക്കുന്ന സോൾഡറിംഗ് ആൻഡ് സർക്യൂട്ട് ബെൻഡിംഗ് ശിൽപശാല ഡ്രെസ്ഡനിൽ നിന്നുള്ള സംഗീതജ്ഞനും മീഡിയ ആർട്ടിസ്റ്റുമായ ആൽവിൻ വെബർ നയിക്കും. സോൾഡറിംഗ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിവിധ ഇലക്ട്രോണിക് ഉപകരണങ്ങളും ശബ്ദ ഉപകരണങ്ങളും രൂപകൽപന ചെയ്യാൻ ശിൽപശാലയിൽ പരിശീലനം നൽകും. ആർട്ടിസ്റ്റ് അമിത് വെങ്കട്ടരാമയ്യ ഭാഗഭാക്കാകും.കളഞ്ഞുകിട്ടുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള വെൽഡിംഗ് ശിൽപവിദ്യ ശിൽപശാല ഈ മാസം 27 മുതൽ 29 വരെ നടക്കും. ആർട്ടിസ്റ്റും ക്യൂറേറ്ററുമായ വിവേക് ചൊക്കലിംഗം നേതൃത്വം നൽകും. ത്രിമാന തലത്തിൽ സ്വന്തം ചുറ്റുപാടുകളുടെ ദൃശ്യവത്കരണവും 3 –ഡി സ്പേസിലെ സൗന്ദര്യാത്മകതയും സംബന്ധിച്ച് പ്രഭാഷണവുമുണ്ടാകും. ഇതേ ദിവസങ്ങളിൽ ടെറാക്രാഫ്റ്റിസ്റ്റ് കെ ജയൻ നേതൃത്വം നൽകുന്ന കളിമൺപാത്ര നിർമ്മാണ ശിൽപശാലയും നടക്കും.ചിത്രകാരൻ സുനിൽ ഡി ലിനസ് നയിക്കുന്ന 'ട്രാൻസ്പെരന്റ് വേൾഡ്' വാട്ടർ കളർ പെയിന്റിംഗ് വർക്ക് ഷോപ്പ്, ഇന്ത്യൻ ലേണിംഗ് സൊസൈറ്റി കോൺഫറൻസ് ശിക്ഷാന്തർ സഹസ്ഥാപകൻ മനീഷ് ജെയിൻ നയിക്കുന്ന വിദ്യാഭ്യാസ പുനരാവിഷ്കാര ശിൽപശാല 'ചെയ്ഞ്ചിംഗ് ദി ഗെയിം' എന്നിവ ഇന്ന് സമാപിക്കും.ദിവസവും രാവിലെ 10 മുതൽ നടക്കുന്ന ശിൽപശാലകളിൽ പ്രവേശനം സൗജന്യമാണ്. പങ്കെടുക്കാൻ 9770633845, 9544888562 നമ്പരുകളിൽ ബന്ധപ്പെടാം.

## ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കുന്നത്
## വിവാഹ സ്വർണ്ണാഭരണങ്ങളെന്ന് വേൾഡ് ഗോൾഡ്

**കൊച്ചി:** രാജ്യത്ത് വിറ്റഴിക്കുന്ന സ്വർണ്ണത്തിന്റെ 50–55 ശതമാനം വിവാഹ ആവശ്യങ്ങൾക്കുള്ള സ്വർണ്ണാഭരണങ്ങളാണെന്ന് വേൾഡ് ഗോൾഡ് കൗൺസിൽ റിപ്പോർട്ട്. വിവാഹ സ്വർണാഭരണം വാങ്ങുന്നതിൽ ദക്ഷിണേന്ത്യക്കാരാണ് മുന്നിൽ. രാജ്യത്ത് വിവാഹ സ്വർണാഭരണ വിപണിയിലെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിഹിതം 40 ശതമാനമാണെന്ന് വേൾഡ് ഗോൾഡ് കൗൺസിലിന്റെ ഗോൾഡ് ട്രെൻഡ് ആൻഡ് ഡിമാന്റ് റിപ്പോർട്ട് ചൂണ്ടികാണിക്കുന്നു. ലോകത്ത് സ്വർണാഭരണ ഉപഭോഗത്തിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ. ചൈനക്കാണ് ഒന്നാം സ്ഥാനം.അതേസമയം, ഇന്ത്യയിൽ നിന്ന് എറ്റവുമധികം സ്വർണാഭരണങ്ങൾ കയറ്റുമതി ചെയ്യുന്ന രാഷ്ട്രമായി അമേരിക്ക മാറി. ഇതുവരെ യു എ ഇ ആയിരുന്നു ഈ സ്ഥാനത്ത്. ചൈനയിൽ നിന്നുള്ള സ്വർണാഭരണങ്ങൾക്ക് അമേരിക്കയിൽ അധിക ചുങ്കം ചുമത്തിയതാണ് ഇതിന് ഒരു കാരണം. യു എ ഇ യിൽ 5% ഇറക്കുമതി ചുങ്കം 2017 ലും 5% വാറ്റ് 2018 ലും ഏർപ്പെടുത്തിയതാണ് മറ്റൊരു കാരണം. പക്ഷേ, 2022 മെയിൽ ഇന്ത്യയും യു എ ഇയും തമ്മിൽ നിലവിൽ വന്ന സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിന്റെ ഫലമായി യു എ ഇ യിലേക്ക് അയക്കുന്ന 90% ഉത്പന്നങ്ങളും നികുതി വിമുക്തമാക്കുകയും അവിടെ നിന്നു പുന: കയറ്റുമതി നടക്കുകയും ചെയ്യുന്നതിനാൽ ഇന്ത്യയിൽ നിന്നുള്ള സ്വർണാഭരണ കയറ്റുമതി ഇനിയും വർദ്ധിക്കുമെന്ന് വേൾഡ് ഗോൾഡ് കൗൺസിലിന്റെ റിപ്പോർട്ടിൽ വിലയിരുത്തിയിരിക്കുന്നു.വിവാഹങ്ങളും ഉത്സവങ്ങളും സ്വർണാഭരണങ്ങൾക്കുള്ള ഡിമാൻഡിന്റെ ചാലകശക്തിയായി നില കൊള്ളുന്നുവെന്ന് വേൾഡ് ഗോൾഡ് കൗൺസിൽ ഇന്ത്യ റീജണൽ സി ഇ ഒ, ശ്രീ പി ആർ സോമസുന്ദരൻ പറഞ്ഞു. 2021 ൽ 611 ടൺ സ്വർണാഭരണങ്ങളാണ് ഇന്ത്യയുടെ ഉപഭോഗം. 673 ടണ്ണുമായി ചൈന മാത്രമാണ് ഇന്ത്യക്കു മുകളിലുള്ളത്. ഇന്ത്യയിലെ സ്വർണാഭരണകയറ്റുമതി 2015 ലെ 7.6 ബില്യൺ യുഎസ് ഡോളറിൽ നിന്ന് 2019 ൽ 12.4 ബില്യൺ യു എസ് ഡോളറായി ഉയർന്നു.ഇന്ത്യയിൽ നിന്നുള്ള സ്വർണാഭരണകയറ്റുമതിയുടെ ഏതാണ്ട് 90 %വും പ്രധാനമായും അഞ്ചു രാജ്യങ്ങളിലേക്കാണ്. യു എസ്, യു എ ഇ, ഹോങ്കോംഗ്, സിംഗപ്പൂർ, യു കെ എന്നിവയാണവ.






# ബിനാലെയുടെ സാധ്യതകൾ ആരാഞ്ഞ് 100 അംഗ ഫിക്കി വനിതാസംഘം

**കൊച്ചി:** സമകാലീന കാലാവതരണങ്ങളുടെ സാധ്യതകൾ ആരാഞ്ഞ് ബെംഗളൂരുവിൽനിന്ന് 100 വനിതാ സംരംഭകർ ബിനാലെ സന്ദർശിച്ചു. ഫിക്കി (ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ്) വനിതാ ചാപ്റ്റർ (ഫ്ലോ) അംഗങ്ങളാണ് ചെയർപേഴ്സൺ ജയശ്രീ മേനോന്റെ നേതൃത്വത്തിൽ ഫോർട്ടുകൊച്ചി ആസ്പിൻവാൾ ഹൗസിലെത്തിയത്.കലാപഠന തലത്തിൽ വനിതാശാക്തീകരണമാണ് സന്ദർശനത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് പാലക്കാട് കൊല്ലങ്കോട് നിന്ന് ബെംഗളൂരുവിൽ സ്ഥിരതാമസമാക്കിയ ജയശ്രീ മേനോൻ പറഞ്ഞു. നിരവധി സാന്ത്വന ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന ഫ്ലോ അംഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സമൂഹം പടുത്തുയർത്താൻ ബിനാലെയും ഇവിടെനിന്നുള്ള ആശയങ്ങളും പ്രചോദനം പകരും.ചിന്തിക്കാനാകാത്ത അർത്ഥതലങ്ങൾ കണ്ടെത്താനാകുന്നതാണ് കലാവതരണങ്ങൾ. സ്വന്തം രാജ്യത്ത് നടക്കുന്ന ബൃഹത്തായ കലാമേള ജീവിതത്തിലെ വിലപ്പെട്ട അനുഭവമാണെന്നും കോൺടെന്റ് ആൻഡ് പബ്ലിഷിംഗ് സ്ഥാപനത്തിന്റെ ഉടമയായ അവർ പറഞ്ഞു. ജയശ്രീ മേനോന് പുറമെ ഫ്ലോ സെക്രട്ടറി ദിവ്യ പൂനിയ, ട്രഷറർ പായൽ എന്നിവരും സംഘത്തിന് നേതൃത്വം നൽകി.കല, ഹെരിറ്റേജ്, സംസ്കാരം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ബെംഗളൂരുവിലെ സന്ദീപ് ആൻഡ് ഗീതാഞ്ജലി മൈനി ഫൗണ്ടേഷൻ ഡയറക്ടർ ടി എസ് പ്രസാദ് ഫ്ലോ അംഗങ്ങളുടെ ബിനാലെ സന്ദർശനം ഏകോപിപ്പിച്ചത്. സ്വന്തമായി ആർട്ട് ഗ്യാലറിയുള്ള ഫൗണ്ടേഷനു പുതിയ ആളുകളെ സമകാലീന കലയുമായി അടുപ്പിക്കുന്ന വിദ്യാഭ്യാസ പദ്ധതിയുണ്ട്. ഇതിന്റെ ഭാഗമായാണ് 100 ഫ്ലോ അംഗങ്ങൾക്ക് ബിനാലെ കാണാൻ സൗകര്യമൊരുക്കിയത്. ഇത് ബിനാലെയ്ക്കും ഇതിൽ പങ്കെടുക്കുന്ന ആർട്ടിസ്റ്റുകൾക്കും വിവിധതലങ്ങളിൽ പ്രോത്സാഹനവും സാധ്യതകളും ഒരുക്കുമെന്നും ടി എസ് പ്രസാദ് പറഞ്ഞു.അഡീഷണൽ ചീഫ് സെക്രട്ടറി ഡോ എ ജയതിലക്, ന്യൂയോർക്കിൽ നിന്നുള്ള ആർട്ട് അഡൈ്വസർ സിമോൺ ജോസഫ്, ആർട്ടിസ്റ്റ് ഡോ ജോസഫ് എന്നിവരും ബിനാലെ സന്ദർശിച്ചു. കോയമ്പത്തൂർ മുതലിപാളയത്തെ യെല്ലോ ട്രെയ്ൻ സ്കൂളിലെ 43 വിദ്യാർഥികളും പ്രദർശനം കണ്ടു.

# റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന്റെ ട്വിറ്റർ അക്കൗണ്ട് ഹാക്ക് ചെയ്തു

ഇന്ത്യൻ പ്രീമിയർ ലീഗ് ഫ്രാഞ്ചൈസി റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന്റെ ഔദ്യോഗിക ട്വിറ്റർ അക്കൗണ്ട് ഹാക്ക് ചെയ്യപ്പെട്ടു. ഹാക്കർമാർ 'ആീൃലറ അുല ഥമരവേ ഇഹൗയ'(വിരസമായ കുരങ്ങന്മാരുടെ യാച്ച് ക്ലബ്) എന്ന് പുനർനാമകരണം ചെയ്യുകയും നോൺ-ഫംഗബിൾ ടോക്കണുമായി ബന്ധപ്പെട്ട ട്വീറ്റുകൾ പോസ്റ്റ് ചെയ്യുകയും ചെയ്തു.പുലർച്ചെ 4 മണിയോടെയാണ് ആർസിബിയുടെ ട്വിറ്റർ ഹാൻഡിൽ ഹാക്ക് ചെയ്യപ്പെട്ടത്. അക്കൗണ്ടിന്റെ നിയന്ത്രണം വീണ്ടെടുക്കാനും അനാവശ്യ ഉള്ളടക്കം നീക്കം ചെയ്യാനും ആർസിബിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ട്വിറ്റർ




നിർദ്ദേശിച്ച സുരക്ഷാ നടപടികളും സ്വീകരിച്ചിട്ടും അക്കൗണ്ട് ഹാക്ക് ചെയ്യപ്പെട്ടത് ദൗർഭാഗ്യകരമായ സംഭവമാണെന്ന് ആർസിബി അറിയിച്ചു.'ഹാൻഡിലിൽ പ്രത്യക്ഷപ്പെട്ട ട്വീറ്റുകളുമായി ബന്ധമില്ല, ആരാധകർക്ക് ഉണ്ടായ അസൗകര്യത്തിൽ ഖേദിക്കുന്നു. പ്രശ്നം എത്രയും വേഗം പരിഹരിക്കാൻ ട്വിറ്റർ സപ്പോർട്ട് ടീമുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ഞങ്ങൾ ഉടൻ മടങ്ങിയെത്തും'-ഞെഇആ ഔദ്യോഗിക ഇൻസ്റ്റാഗ്രാം അക്കൗണ്ടിൽ കുറിച്ചു. 2009-ൽ സൃഷ്ടിച്ച റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ (ആർസിബി) ട്വിറ്റർ അക്കൗണ്ടിന് 6.4 ദശലക്ഷം ഫോളോവേഴ്സ് ഉണ്ട്.

# എറിഞ്ഞുവീഴ്ത്തി ഇന്ത്യ, തകർന്ന് കിവിപ്പട

ഛത്തീസ്ഗഡിലെ റായ്പൂരിലെ ശഹീദ് വീർ നാരായൺ സിംഗ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ പന്തുകൾക്കു മുന്നിൽ വിറച്ച് കിവിപ്പട. ഇന്ത്യയുടെ ഫാസ്റ്റ് ബൗളർമാരായ മുഹമ്മദ് ഷമിയും ഹർദിക് പാണ്ഡ്യയും മുഹമ്മദ് സിറാജും തിളങ്ങിയ ഇന്നിങ്സിൽ തകർന്നത് ന്യൂസിലൻഡിന്റെ ഓപ്പണിങ് നിര. ഷമി മൂന്ന് വിക്കറ്റ് നേടിയപ്പോൾ സിറാജും ഹർദിക് പാണ്ഡ്യയും ശാർദൂൽ താക്കൂറും ഓരോ വിക്കറ്റുകൾ നേടി. ടോസ് നേടിയ ഇന്ത്യ ന്യൂസിലൻഡിനെ ബാറ്റ് ചെയ്യാനായി അയക്കുകയായിരുന്നു. ഷമി എറിഞ്ഞ ആദ്യ ഓവറിൽ തന്നെ കിവിപ്പടയുടെ കയ്യിൽ നിന്ന് മത്സരം നഷ്ടപെട്ടു. ആദ്യ ഓവറിൽ അഞ്ചാമത്തെ പന്തിൽ ഫിൻ അലൻ (0) പുറത്താകുമ്പോൾ സ്കോർ ബോർഡിൽ ഒരു റൺ പോലും ചേർക്കാൻ ന്യൂസിലാൻഡിനു കഴിഞ്ഞിരുന്നില്ല. അഞ്ചാമത്തെ ഓവറിൽ സിറാജിന്റെ പന്ത് ശുഭ്മാൻ ഗില്ലിന്റെ കയ്യിലെക്കെത്തിച്ച് നിക്കോളസ് (1) പുറത്താകുമ്പോൾ ന്യൂസിലാൻഡ് നേടിയത് 8 റൺസ് മാത്രം. തൊട്ടടുത്ത ഓവറിൽ മിച്ചലിനെയും (2) ഒൻപതാം ഓവറിൽ കോൺവെയെയും (7) നഷ്ടപ്പെട്ടതോടെ കിവിപ്പടയുടെ മുന്നേറ്റ നിര തകർന്നടിഞ്ഞു. ന്യൂസിലാൻഡ് ക്യാപ്റ്റൻ ടോം ലതമിനെ (1) പത്താം ഓവറിൽ ശാർദൂൽ താക്കൂർ പുറത്താക്കി.ന്യൂസിലാൻഡ് നിരയിൽ അൽപ്പമെങ്കിലും പിടിച്ചു നിൽക്കാൻ സാധിച്ചത് ഗ്ലെൻ ഫിലിപ്സിനും ബ്രേസ്‌വെല്ലിനും മാത്രമായിരുന്നു. കഴിഞ്ഞ മത്സരത്തിൽ തർപ്പൻ സെഞ്ചുറി നേടിയ ബ്രേസ്‌വെൽ 30 പന്തുകളിൽ നിന്ന് 22 റണ്ണുകൾ നേടി ഷമിക്ക് മുൻപിൽ വീഴുകയായിരുന്നു. മിച്ചൽ സാന്റ്നറുമായി ചേർന്ന് ഗ്ലെൻ ഫിലിപ്സ് നടത്തുന്ന പോരാട്ടമാണ് കൂറ്റൻ തകർച്ചയിൽ നിന്ന് കിവികളെ അൽപ്പമെങ്കിലും രക്ഷപെടുത്തുക. കഴിഞ്ഞ മത്സരത്തിൽ നിന്ന് മാറ്റങ്ങളേതും കൂടാതെയാണ് ഇരുടീമുകളും ഇന്നത്തെ മത്സരത്തിനിറങ്ങിയത്. ഇന്നത്തെ മത്സരത്തിൽ വിജയിച്ചാൽ ഇന്ത്യക്ക് പരമ്പര സ്വന്തമാക്കാം.

# ക്രിസ്റ്റ്യാനോ റൊണാൾഡോക്ക് ഇന്ന് അരങ്ങേറ്റം; അൽ നസറിന്റെ എതിരാളി ഇത്തിഫാഖ് എഫ്സി

സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ അൽ നാസർ എഫ്സിക്കായി ഇന്ന് അരങ്ങേറ്റം കുറിക്കും. സൗദി പ്രോ ലീഗ് മത്സരത്തിൽ ഇത്തിഫാഖ് എഫ്സിക്കെതിരെയാണ് റോണോ ബൂട്ട് കെട്ടുന്നത്. മാഞ്ചസ്റ്റർ യുണൈറ്റഡുമായുള്ള കരാർ അവസാനിപ്പിച്ചതിന് ശേഷം സൗദി ക്ലബ്ബിലേക്ക് ചേക്കേറിയ റൊണാൾഡോ പിഎസ്ജിക്കെതിരെ റിയാദ് ഇലവനായി രണ്ട് ഗോളുകൾ നേടിയിരുന്നു.റിയാദിലെ കിംഗ് സൗദ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 11 നാണ് അൽ നാസർ-ഇത്തിഫാഖ് മത്സരം. സൗദി ലീഗിൽ അൽ-ഇത്തിഹാദിന് ഒരു പോയിന്റ് പിന്നിലാണ് അൽ നാസർ എഫ്സി ഉള്ളത്. ഇന്നത്തെ എതിരാളികളായ ഇത്തിഫാഖ് എഫ്സിയാകട്ടെ 16 പോയിന്റുമായി പത്താം സ്ഥാനത്തും. അൽ നാസർ െ ഇത്തിഫാഖ് മത്സരം ഇന്ത്യയിൽ സംപ്രേക്ഷണം ചെയ്യില്ല. സൗദി പ്രോ ലീഗ് മത്സരം ഷാഹിദ് ആപ്പിൽ തത്സമയം സംപ്രേക്ഷണം ചെയ്യും.






EDITORS CHOICE




# രാഷ്ട്രീയ നിലപാട് പ്രഖ്യാപിക്കുന്ന കലാവിഷ്കാരങ്ങൾ ബിനാലെയുടെ പ്രസക്തി: സോയ ഹസൻ

**കൊച്ചി:** സുവ്യക്തവും പുരോഗമനപരവുമായ രാഷ്ട്രീയ നിലപാടുകൾ ശക്തമായി പ്രഖ്യാപിക്കുന്ന കലാവതരണങ്ങളാണ് കൊച്ചി മുസിരിസ് ബിനാലെയെ ശ്രദ്ധേയവും പ്രസക്തവുമാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്ന് പൊളിറ്റിക്കൽ സയന്റിസ്റ്റും പണ്ഡിതയുമായ എഴുത്തുകാരി സോയ ഹസൻ. കലയുടെ രാഷ്ട്രീയം ചെറുപ്പക്കാരായ കലാകാരന്മാർ ഉൾപ്പെടെ പ്രകാശനങ്ങളിൽ വ്യക്തമാക്കുന്നുണ്ട്.ഒരു ജീവിതകാലയളവിലെ സമുജ്ജ്വല അനുഭവമാണ് ബിനാലെ. വിവിധ മാധ്യമങ്ങളുടെയും സങ്കേതങ്ങളുടെയും പ്രാദേശിക, ദേശീയ, അന്താരാഷ്ട്ര കലാവിഷ്കാരങ്ങളുടെയും തികവോടെയുള്ള മിശ്രണം ബിനാലെയുടെ അഞ്ചാം പതിപ്പിന്റെ സവിശേഷത. ആസ്പിൻവാൾ ഹൗസ് പോലുള്ള മനോഹര വേദികൾ ബിനാലെയ്ക്ക് സമുചിതം. സ്വാഭാവിക, കലാത്മക ചുറ്റുപാടാണ് ഇവിടത്തേത്.ബൃഹത്തായ കലാമേളയുടെ സംഘാടനത്തെ എത്ര പ്രശംസിച്ചാലും കൂടുതലാകില്ല. അത്രയ്ക്ക് മികവുറ്റതാണത്. മാറുന്ന ലോകത്തിന് കലയിലേക്ക് തുറക്കുന്ന മനോഹര മഹാവാതായനമാണ് ബിനാലെയെന്നും ആസ്പിൻവാൾ ഹൗസിൽ കലാവതരണങ്ങൾ ആസ്വദിച്ചശേഷം സോയ ഹസൻ അഭിപ്രായപ്പെട്ടു.ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ചർ (ഐ ഐ എ)കൊച്ചിൻ സെന്ററിലെ 35 അംഗസംഘവും ബിനാലെ കാണാനെത്തി. ബിനാലെ ആരംഭിച്ചതുമുതൽ ഐ ഐ എ നൽകുന്ന നിർലോഭ സഹകരണത്തിന് വാക്കുകൾക്കതീതമായ നന്ദി അറിയിക്കുന്നതായി സംഘത്തെ സ്വാഗതം ചെയ്ത് ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി പറഞ്ഞു.മൈസൂരു വഡയാർ ആർക്കിടെക്ചർ സെന്ററിലെ 65 വിദ്യാർത്ഥികൾ അധ്യാപകർക്കൊപ്പം ബിനാലെ സന്ദർശിച്ചു. ആർക്കിടെക്ചർ വിദ്യാർത്ഥികൾക്ക് ഏറെ ഗുണകരമാകുന്ന അനുഭവമാണ് ബിനാലെ പ്രദർശനവും ചരിത്ര പ്രധാന വേദിയുമെന്ന് ഫാക്കൽറ്റി ശശാങ്ക് പറഞ്ഞു. പുനെ സിംബയോസിസ് ആർക്കിടെക്ചർ സ്കൂളിലെ 80 വിദ്യാർത്ഥികളും താമരശ്ശേരി അവനി ഇൻസ്റ്റിറ്റ്യൂട്ടിലെ 40 ആർക്കിടെക്ചർ വിദ്യാർത്ഥികളും അധ്യാപകർക്കൊപ്പം ബിനാലെ കണ്ടു.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com